LIBRARY ARCHIVES Kerala Legislative Assembly

ദേശീയപാതകളുടെ നവീകരണം

191 (4545) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാർ കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ ദേശീയ പാതകളുടെ നവവീകരണത്തിനും അറ്റകുറ്റപ്പണികൾക്കുമായി എത്ര കോടി രൂപയാണ് അനുവദിച്ചത് ;

(ബി) എത്ര കോടി രൂപയാണ് സംസ്ഥാനം ചെലവഴിച്ചത് ;

(സി) ദേശീയ പാതകൾ നവീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ)	2007 - 08	109.41 കോടി
	2008 - 09	106.34 കോടി
	2009 - 10	152.03 കോടി
	ആകെ	367.78 കോടി
(ബി)	2007 - 08	106.49 കോടി
	2008 - 09	113.26 കോടി
	2009 - 10	191.61 കോടി
	ആകെ	411.36 കോടി

(സി) പാതകളുടെ ഉയർത്തലും ബലപ്പെടുത്തലും റൈഡിംഗ് ക്വാളിറ്റി മെച്ചപ്പെടുത്തുന്നതിന് ഉപരിതലത്തിലുള്ള ചണികൾ, വിവിധ ബൈപ്പാസുകൾ, പുതിയ പാലങ്ങളും നിലവിലുള്ള പാലങ്ങളുടെ പുനരുദ്ധാരണവും മറ്റ് റോഡ് സുരക്ഷാ പണികൾ എന്നിവയാണ് ദേശീയപാത നവീകരണത്തിന്റെ ഭാഗമായി നടത്തപ്പെടുന്ന പ്രവൃത്തികൾ.

റോഡ് നിർമ്മാണത്തിലും സംരക്ഷണത്തിലും ഏർപ്പെട്ടിരിക്കുന്ന എഞ്ചിനീയർമാർക്കും കരാറുകാർക്കും പെരുമാറ്റച്ചട്ടം

192 (4546) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിൽ പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനായി കൈക്കൊണ്ടു വരുന്ന നടപടികൾ എന്തൊക്കെയാണ് ;

(ബി) പരാതികൾ പരിഹരിക്കുന്ന കാര്യത്തിൽ ഉദ്യോഗസ്ഥർ പുലർത്തുന്ന സമീപനം വകുപ്പിന്റെ ഉന്നതതലത്തിൽ മോണിറ്റർ ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ് ;

(സി) റോഡു നിർമ്മാണത്തിലും സംരക്ഷണത്തിലും ഏർപ്പെട്ടിരിക്കുന്ന എഞ്ചിനീയർമാർക്കും കരാറുകാർക്കും പെരുമാറ്റച്ചട്ടം ഏർപ്പെടുത്തുന്ന കാര്യം ആലോചനയിലുണ്ടോ ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിൽ പൊതുജനങ്ങളുടെ പരാതികൾ അറിയിക്കുന്നതിനായി ഒരു പബ്ലിക് ഇൻഫർമേഷൻ സെൽ പ്രവർത്തിച്ചു വരുന്നു. പൊതുജനങ്ങൾക്ക് അവരുടെ പരാതികൾ 18004257771 എന്ന ടോൾ ഫ്രീ നമ്പരിൽ വിളിച്ച് ഈ സെല്ലിൽ അറിയിക്കാവുന്നതാണ്. പ്രസ്തുത പരാതികൾ ലഭിച്ചാൽ ഉടനടി അതാതു മേഖലയിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കൈമാറുന്നതും 48 മണിക്കൂറിനകം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പരാതിക്കാരനെ ബന്ധപ്പെട്ട പരാതിയുടെ വിശദവിവരം ശേഖരിച്ചതിനുശേഷം ഉചിതമായ നടപടി സ്വീകരിക്കുന്നതുമാണ്. പരാതിയിൽ സ്വീകരിച്ച നടപടി അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇൻഫർമേഷൻ സെല്ലിൽ അറിയിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഓരോ പരാതിയിന്മേലും കൈക്കൊള്ളുന്ന നടപടികളെ സംബന്ധിച്ച് മേലുദ്യോഗസ്ഥർ പരിശോധന നടത്തിവരുന്നുണ്ട്. കൂടാതെ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചു വരുന്നു.

(സി) എഞ്ചിനീയർമാർക്ക് പെരുമാറ്റചട്ടം നിലവിലുണ്ട്. കരാറുകാർക്ക് നിശ്ചിത കരാർ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് പ്രവൃത്തികൾ ഏൽപ്പിച്ചു നൽകുന്നത്. പ്രസ്തുത വ്യവസ്ഥകൾ ലംഘിച്ചാൽ നടപടി സ്വീകരിക്കുന്നതാണ്.

പി.ഡബ്ല്യു.ഡി. മാന്വൽ കാലികമായി പരിഷ്ക്കരിക്കാൻ നടപടി

193 (4547) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് മാർഗ്ഗ രേഖയായ പി.ഡബ്ല്യു.ഡി. മാന്വൽ താലികമായി പരിഷ്ക്കരിക്കപ്പെടേണ്ടതാണെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സാങ്കേതിക വിദ്യയിലുണ്ടായ വളർച്ചയ്ക്കനുസരിച്ച് എന്തെല്ലാം പരിഷ്ക്കാരങ്ങൾ പി.ഡബ്ല്യു.ഡി. മാന്വലിൽ വരുത്തുവാനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഓരോ നിർമ്മാണ പ്രവൃത്തിയുടേയും പ്രത്യേകിച്ച് പാലങ്ങൾ പോലെയുള്ള വൻകിട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുമ്പ് നടത്തപ്പെടുന്ന ഇൻവെസ്റ്റിഗേഷൻ, പ്രീ-കൺസ്ട്രക്ഷൻ പഠനങ്ങൾ കാലാനുസൃതമല്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത് മെച്ചപ്പെടുത്തുന്നതിനും കാലികമാക്കുന്നതിനും സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly